## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1730 — 07.03.2018 ൽ മറുപടിക്ക്

## ആരോഗ്യ നയം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് രൂപീകരിച്ച ആരോഗ്യ നയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ)<br>&<br>(ബി) | 22.02.2018 ലെ സ.ഉ(കൈ) നം. 32/2018/ആ.ക.വ പ്രകാരം ഡോക്ടർ ബി. ഇക്ബാൽ ചെയർമാനും ഡോ. കെ.പി.അരവിന്ദൻ കൺവീനറുമായി 17 അംഗ വിദഗ്ധ സമിതി സമർപ്പിച്ച കരട് ആരോഗ്യ നയം അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ടി കരട് ആരോഗ്യനയത്തിൽ കൂടുതൽ നിർദ്ദേശങ്ങളും ഭേദഗതികളും ആവശ്യമാണെന്ന് കാണുന്ന പക്ഷം അവ കൂടി ഉൾപ്പെടുത്തി അന്തിമ ആരോഗ്യ നയം അംഗീകരിച്ചതിനുശേഷം മാത്രമേ സർക്കാർ ആശുപത്രികളിൽ ഈ വർഷവും അടുത്ത വർഷവും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാൻ സാധിക്കുകയുള്ളൂ. കരട് ആരോഗ്യ നയത്തിൽ മുൻഗണന നൽകുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. പകർച്ചവ്യാധികളുടെ നിയന്ത്രണം<br>2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം.<br>3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.<br>4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.<br>5. ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം.<br>6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം<br>7. തൃതീയ റഫറൽ സമ്പ്രദായം നടപ്പാക്കൽ<br>8. ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ. |
| (ബി) | ആരോഗ്യ നയത്തിന്റെ ചുവട് പിടിച്ച് ഈ വർഷവും അടുത്ത വർഷവും സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടന്നുവരുന്ന പദ്ധതികൾ /പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (സി) | സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ/താലൂക്ക്/ ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കികൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർറ്റി) 845/2017/ആകുവ, തീയതി 28.03.2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ.(എം.എസ്) 75/2017/ആകുവ, തീയതി 12.5.2017 സ.ഉ.(എം.എസ്) 188/2017/ആകുവ, തീയതി 22.12.2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.<br>അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.<br>170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള ചെറിയ |

| | | | |
|---|---|---|---|
| | | | മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയിലറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രൈനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തി മൂന്ന്) കോടി രൂപയുടെ പ്രവർത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം വഴി അംഗീകൃത ഏജൻസികളെകൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേയ്ക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ജില്ലാ താലൂക്ക് തല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നു വരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നു വരുന്നുണ്ട്. |
| (ഡി) | കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആശുപത്രികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ? | (ഡി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നിന്നും 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനം എൻ. എച്ച്.എം. മുഖേന നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ